ദേശാഭിമാനി

21 December 2023

# കടൽപ്പായൽ ഔഷധങ്ങൾ വിപണിയിലേക്ക്

**കൊച്ചി**

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) കടൽപായലിൽനിന്ന് നിർമിച്ച രണ്ട് പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ വിപണിയിലേക്ക്. വൈറസുകൾക്കെതിരെ പ്രതിരോധശേഷി വർധിപ്പിക്കാൻ സഹായിക്കുന്ന കടൽമീൻ ഇമ്യൂണോആൽഗിൻ എക്സ്ട്രാക്ട്, രക്തത്തിലെ ഉയർന്ന അളവിലുള്ള കൊളസ്ട്രോൾ നിയന്ത്രണവിധേയമാക്കുന്ന കടൽമീൻ ആന്റി ഹൈപ്പർ കൊളസ്ട്രോളമിക് എക്സ്ട്രാക്ട് എന്നിവയാണ് വിപണിയിൽ എത്തുന്നത്.

ഇവ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിപണിയിൽ എത്തിക്കാനുള്ള കരാറിൽ പയനിയർ ഫാർമസ്യൂട്ടിക്കൽസ് എംഡി ജോബി ജോർജും സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണനും ഒപ്പിട്ടു. ഉൽപ്പന്നങ്ങൾ ആറുമാസത്തിനകം വിപണിയിലെത്തും.

### ആറുമാസത്തിനകം വിപണിയിൽ

കടൽപ്പായലിലെ ബയോആക്ടീവ് സംയുക്തങ്ങൾ വേർതിരിച്ചാണ് ഉൽപ്പന്നങ്ങൾ വികസിപ്പിച്ചത്. സാർസ് കോവി 2 ഡെൽറ്റ വകഭേദങ്ങളെ പ്രതിരോധിക്കാനുള്ള ആന്റി വൈറൽ ശേഷിയുള്ളതാണ് കടൽമീൻ ഇമ്യൂണോആൽഗിൻ എക്സ്ട്രാക്ട്. കോവിഡ് അനന്തര ആരോഗ്യപ്രശ്നങ്ങളുള്ളവർക്ക് പ്രതിരോധശേഷി വർധിപ്പിക്കാൻ സഹായകരമാണെന്ന് സിഎംഎഫ്ആർഐയിലെ മറൈൻ ബയോടെക്നോളജി ഫിഷ് ന്യൂട്രിഷൻ ആൻഡ് ഹെൽത്ത് ഡിവിഷൻ മേധാവി ഡോ. കാജൽ ചക്രവർത്തി പറഞ്ഞു.



സിഎംഎഫ്ആർഐ കടൽപ്പായലിൽനിന്ന് നിർമിച്ച ഔഷധങ്ങൾ